30/12/21.. 13/12/21


**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**

**തിരുവനന്തപുരം 695 001**

**ഫോൺ: 0471 2335199, ഫാക്സ്: 0471 2330920**

**E-mail: sic@kerala.nic.in**


**AP.701(3)/2015/SIC തീർപ്പു കല്പ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 4423/SIC-G1/2015**

**സന്നിഹിതൻ**

**കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**തീയതി : 2021 ഡിസംബർ 13**

| | |
|---|---|
| ശ്രീ. മുരളീധരൻ പിള്ള,<br>നിലാവ്, ആരംപുന്ന,<br>ഇളമ്പൽ പി.ഒ., പുനലൂർ,<br>കൊല്ലം – 691 322. | അപ്പീൽ ഹർജിക്കാരൻ |
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &,<br>പോലീസ് സബ് ഇൻസ്പെക്ടർ,<br>പുനലൂർ പോലീസ് സ്റ്റേഷൻ,<br>കൊല്ലം –691 305.<br>2. അപ്പീൽ അധികാരി & ഇൻസ്പെക്ടർ ഓഫ് പോലീസ്,<br>പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ്,<br>പുനലൂർ, കൊല്ലം – 691 305. | എതിർകക്ഷികൾ |

## അന്തിമ ഉത്തരവ്

ടി അപ്പീൽ ഹർജിയിന്മേൽ കമ്മീഷൻ 20/06/2019 ൽ താൽക്കാലിക ഉത്തരവ് പുറപ്പെടുവിച്ചിരുന്നതാണ്. ഉത്തരവിൽ ഇപ്രകാരമാണ് നിർദ്ദേശിച്ചിരുന്നത്.

"അപ്പീൽ ഹർജിക്കാരൻ ഉന്നയിക്കുന്ന ആക്ഷേപങ്ങൾ വസ്തുതാപരമാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു. ആയതുകൊണ്ട് അപ്പീൽ ഹർജിക്കാരനെതിരെ വസ്തുതാ വിരുദ്ധമായ കേസുകളുണ്ടെന്ന് കമ്മീഷന് സമർപ്പിച്ച റിപ്പോർട്ടിൽ പറഞ്ഞ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ.യുടെ നടപടി നിയമവിരുദ്ധവും, ഗുരുതരമായ പിശകുമാണെന്നും, അതുകൊണ്ടുതന്നെ ഇതു വിവരാവകാശ നിയമപ്രകാരം നടപടി ആവശ്യപ്പെടുന്നതുമാണെന്നു കമ്മീഷൻ വിലയിരുത്തുന്നു. അതുകൊണ്ട് അപ്പീൽ ഹർജിക്കാരനെതിരെ കേസുകളുണ്ട് എന്ന് കളവായി പറയുകയും കേസുണ്ടെങ്കിൽ അതു ശരിയാണെന്ന് കമ്മീഷനെ ബോദ്ധ്യപ്പെടുത്താൻ കഴിയാതിരിക്കുകയും ചെയ്ത പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ.യുടെ നടപടിക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പു പ്രകാരം പിഴ ചുമത്താതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ, ആയത് ഈ ഉത്തരവ് കൈപ്പറ്റി 20 ദിവസത്തിനകം കമ്മീഷനെ അറിയിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചുകൊണ്ട് അപ്പീൽ ഹർജി ഇന്നേ ദിവസം 20/06/2019 ന് കമ്മീഷൻ താത്കാലികമായി തീർപ്പാക്കി ഉത്തരവാകുന്നു."

RIGHT TO INFORMATION

എന്നാൽ ഉത്തരവ് അനുസരിച്ച് പ്രവർത്തിക്കാൻ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ. തയ്യാറായിട്ടില്ല. ഉത്തരവ് പുറപ്പെടുവിച്ച് രണ്ടു വർഷത്തിനു ശേഷവും ടി, എസ്.പി.ഐ.ഒ. വിശദീകരണം നൽകാൻ പോലും കൂട്ടാക്കിയിട്ടില്ല. ഇത് കമ്മീഷനോടും വിവരാവകാശ നിയമത്തോടുമുള്ള ടിയാന്റെ അവഹേളനവും ധിക്കാരപരവുമായ സമീപനമായി മാത്രമേ കാണാനാവൂ.

ഇതേ എസ്.പി.ഐ.ഒ. തന്നെ പല ഹർജികളുമായി ബന്ധപ്പെട്ട് കമ്മീഷൻ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ നടപ്പാക്കാൻ തയ്യാറായിട്ടില്ല. എന്നുമാത്രമല്ല സാധാരണ നിലയിലുള്ള മറുപടിപോലും ടിയാൻ കമ്മീഷനു നൽകുന്നില്ല. തികച്ചും നിഷേധാത്മകവും ഒരു സർക്കാർ ഉദ്യോഗസ്ഥനിൽ നിന്നും പ്രതീക്ഷിക്കാവുന്നതിനും അപ്പുറമുള്ളതാണ് ടിയാന്റെ പ്രതികരണങ്ങൾ.

വിവരാവകാശ നിയമത്തേയും, കമ്മീഷനേയും അവഗണിക്കുകയും അവഹേളിക്കുകയും ചെയ്യുന്നത് തുടർച്ചയായ നടപടിയാണെന്നതുകൊണ്ട് നിയമപാലകനായ ഈ ഉദ്യോഗസ്ഥൻ ഒരു ദാക്ഷണ്യത്തിനും അർഹനല്ല. അതുകൊണ്ട് ടിയാനെ പരമാവധി ശിക്ഷയായ 25000/-(ഇരുപത്തി അയ്യായിരം രൂപ) പിഴശിക്ഷയായി വിധിച്ച് ഉത്തരവാകുന്നു.

ഈ ഉത്തരവ് കിട്ടി 30 ദിവസത്തിനകം ശ്രീ. റ്റി.എസ്. ശിവപ്രകാശ്, ഐ.എസ്.എച്ച് ഒ., ഏഴുകോൺ പോലിസ് സ്റ്റേഷൻ, കൊല്ലം **25,000/- രൂപ** "0070-60-118-99 Receipts Under the Right to Information Act, 2005" എന്ന ശീർഷകത്തിൽ പിഴ സംഖ്യ ഒടുക്കേണ്ടതും, വിവരം കമ്മീഷൻ സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം ടി തുക എതിർകക്ഷിയുടെ ശമ്പളത്തിൽ നിന്നും പിടിച്ച് മേൽപ്പറഞ്ഞ ശീർഷകത്തിൽ സമയബന്ധിതമായി അടയ്ക്കുന്ന കാര്യം ഓഫീസ് മേധാവി ഉറപ്പ് വരുത്തേണ്ടതുമാണ്. അല്ലാത്തപക്ഷം ടിയാളുടെ സ്ഥാവരജംഗമ വസ്തുക്കൾ ജപ്തി ചെയ്ത് ടി സംഖ്യ ഈടാക്കുന്നതാണ്. ഈ ഉത്തരവ് ഇന്നേ ദിവസം 2021 ഡിസംബർ മാസം 13-ാം തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

ഒപ്പ്
**കെ.വി. സുധാകരൻ**
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

RIGHT TO INFORMATION

sh